# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5110** — **30.06.2014 -ലെ മറുപടിക്ക്**

### നെല്ല്യാടി പുഴയിലെ അനധികൃത മണലൂറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നെല്ല്യാടി പുഴയിൽ അനധികൃത മണലൂറ്റ് തടയുന്നതിനായി സ്ഥാപിച്ച പോലീസ് പോസ്റ്റ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നെല്ല്യാടി പുഴയിൽ അനധികൃത മണലൂറ്റ് തടയുന്നതിനായി പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ചിട്ടില്ല. എന്നാൽ നെല്ല്യാടി പുഴയിലും മറ്റ് സ്ഥലങ്ങളിലും വ്യാജവാറ്റ്, അനധികൃത മണലൂറ്റ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി ബോട്ട് പട്രോളിംഗ് ഡ്യൂട്ടി ഉണ്ടായിരുന്നു. ബോട്ടിന്റെ റിപ്പയർ ആവശ്യാർത്ഥം പട്രോളിംഗ് ഡ്യൂട്ടി ഇപ്പോൾ താൽക്കാലികമായി നിർത്തിവെച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത നടപടി മണൽ മാഫിയകൾക്ക് ഗുണകരമായിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉടനടി പോലീസ് ബോട്ട് പട്രോളിംഗ് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) മണൽ മാഫിയകൾക്ക് ഗുണകരമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോട്ട് റിപ്പയർ ചെയ്ത് പട്രോളിംഗ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ